**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1126** **18-01-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേ റോഡിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ റോഡ് വികസനത്തിനായി ഈ സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | മാനന്തവാടി മണ്ഡലത്തിലെ റോഡ് വികസനത്തിനായി ഈ സർക്കാർ വകയിരുത്തിട്ടുള്ള തുക ചുവടെ ചേർക്കുന്നു. ബഡ്ജറ്റ് - 3786.00 ലക്ഷം ഫ്ളഡ് - 5941.00 ലക്ഷം എസ്.എൽ.റ്റി.എഫ് - 2455.58 ലക്ഷം ആകെ - 12182.58 ലക്ഷം മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേക്ക് 11.02.2020 ൽ കിഫ്ബിയിൽ നിന്നും 114.12 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചു. |
| (ബി) | വെള്ളപ്പൊക്കത്തിൽ തകർന്നുപോയ റോഡുകൾ നവീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (ബി) | സാധിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബി മുഖേന അനുവദിച്ച മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേ റോഡിന്റെ പുരോഗതി വിലയിരുത്താമോ; | (സി) | മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേക്ക് 11.02.2020 ൽ കിഫ്ബിയിൽ നിന്നും 114.12 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചു. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | കിഫ്ബി ഫണ്ട് പ്രകാരം അനുവദിച്ച നിട്ടറ പാലത്തിന്റെ നടപടി വിലയിരുത്താമോ; | (ഡി) | നെട്ടറ പാലത്തിന്റെ അപ്രോച്ച് റോഡിന് 500 മീറ്റർ നീളത്തിൽ വയൽ നികത്തേണ്ടി വരുന്നതിനാൽ തണ്ണീർത്തടം നികത്തുന്നതിനായി കൃഷി വകുപ്പിനോട് അനുമതി ചോദിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്. |
| (ഇ) | പ്രസ്തുത മണ്ഡലത്തിലെ പുതുക്കി പണിയാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതെല്ലാം; പുരോഗതി അറിയിക്കുമോ; | (ഇ) | മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുക്കി പണിയാൻ ഉദ്ദേശിക്കുന്ന പാലങ്ങളൊന്നും തന്നെ നിലവിലില്ല. |
| (എഫ്) | മാനന്തവാടി മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റിയുടെ നടപടി എന്തായി? | (എഫ്) | മാനന്തവാടി മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ ഡി.പി.ആർ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ